27
2026
ഫെബ്രുവരി
വെള്ളി
കുംഭം 15

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 45 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-45 പേജ് 4. വില 2.00 രൂപ




02 പുരാവസ്തു പുരാരേഖ മ്യൂസിയങ്ങൾ ചരിത്ര സത്യങ്ങളുടെ പ്രകാശ ഗോപുരങ്ങൾ

03 പശ്ചിമതീര ജലപാത വികസനം വലിയ മാറ്റം സൃഷ്ടിക്കും

04 വാദം പൊളിയുന്നു; തെളിവില്ലെന്ന് ആർപിഎഫും

# മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ വെട്ടിനിരത്തുന്നു



തിരുവനന്തപുരം: മത്സ്യത്തൊഴിലാളികളുടെ ജീവിതവും ഭാവിയും സംരക്ഷിക്കേണ്ട ഫിഷറീസ് വകുപ്പ് തന്നെ അവരെ അവഗണിക്കുന്ന നിലപാട് സ്വീകരിക്കുന്നതായി സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആരോപിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിൽ 40% സംവരണം അനുവദിക്കണമെന്ന നീതിയുക്തമായ ജെ ബി കോ ഷി കമ്മീഷന്റെ ആവശ്യം ഫിഷറീസ് വകുപ്പ് നടപ്പിലാക്കാൻ ആവില്ലയെന്ന് 20% ആയി ചുരുക്കിയ നടപടി സാമൂഹിക നീതിക്കെതിരായ തുറന്ന വെല്ലുവിളിയാണ് മത്സ്യത്തൊഴിലാളി സമൂഹത്തോടെന്ന് ഫെഡറേഷൻ.

പ്രത്യേകിച്ച് കേരള സർവകലാശാല ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡിസ് ( Kerala Universtiy of Fisheries and Ocean Studies) പോലുള്ള സ്ഥാപനങ്ങൾ ആരുടെ താൽപര്യങ്ങൾക്കാണ് പ്രവർത്തിക്കുന്നത് എന്ന ചോദ്യം ഇതോടെ കൂടുതൽ ശക്തമാകുന്നു.

മത്സ്യത്തൊഴിലാളികളുടെ യാഥാർത്ഥ്യ ജീവിതാവസ്ഥ പഠിച്ച് ശുപാർശകൾ സമർപ്പിച്ച ജെ ബി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കില്ലെന്ന നിലപാട് അത്യന്തം പ്രതിഷേധാർഹമാണ്. തൊഴിലാളികളുടെ സുരക്ഷയും ജീവിതോപാധിയും ഉറപ്പാക്കുന്നതിനുള്ള നിർണായക ശുപാർശകളാണ് അവഗണിക്കപ്പെട്ടിരിക്കുന്നത്. കടലിൽ ജോലി ചെയ്യുന്നതിനിടെ ഉണ്ടാകുന്ന സ്വാഭാവിക മരണങ്ങൾക്ക് ഇൻഷുറൻസ് നൽകാത്തത് ഗുരുതരമായ വിവേചനമാണ്. റോഡിൽ സംഭവിക്കുന്ന സ്വാഭാവിക മരണങ്ങൾക്ക് പോലും ഇൻഷുറൻസ് ലഭിക്കുമ്പോൾ കടലിൽ ജീവൻ പണയപ്പെടുത്തി തൊഴിൽ ചെയ്യുന്നവരെ ഒഴിവാക്കുന്നത് എന്ത് നീതിയാണ് ഈ വിഷയത്തിൽ ലൈഫ് ഇൻഷുറൻസ് കമ്പനിയും ബന്ധപ്പെട്ട അധികാരികളും വ്യക്തമായ വിശദീകരണം നൽകണം.

തൊഴിലാളികളുടെ ജീവിതഭാരം കുറയ്ക്കാൻ ആവശ്യമായ ഡീസൽ, മണ്ണെണ്ണ തുടങ്ങിയ അടിസ്ഥാന സഹായങ്ങൾ സൗജന്യമായി നൽകണമെന്ന ശുപാർശ തള്ളിയതും അന്യായകരമാണ്. അതുപോലെ മത്സ്യബന്ധന യാനങ്ങളുടെ പെർമിറ്റ് ഫീസ് സംബന്ധിച്ച നിർണായക ശുപാർശകൾ പോലും അംഗീകരിക്കാതിരുന്നത് തൊഴിലാളികളുടെ സാമ്പത്തിക പ്രതിസന്ധി വർധിപ്പിക്കുന്ന നടപടിയാണ്.

മത്സ്യത്തൊഴിലാളികളുടെ പട്ടിണിയും കടബാധ്യതയും ജീവിതസമരവും തുടരുമ്പോൾ, അവരെ സംരക്ഷിക്കേണ്ട കേരള ഫിഷറീസ് സർവകലാശാല തന്നെ അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്ന നിലപാട് സ്വീകരിക്കുന്നത് അംഗീകരിക്കാനാകില്ല.

മത്സ്യത്തൊഴിലാളികൾക്ക് അഭയം നൽകേണ്ടവർ പഠനവും ജീവിതാവകാശവും നിഷേധിക്കുന്ന ഈ സമീപനം ഉടൻ പുനഃപരിശോധിക്കണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ. സാമൂഹിക നീതി ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ ശുപാർശകളും അടിയന്തിരമായി നടപ്പിലാക്കണം. സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസും, സംസ്ഥാന ചീഫ് കോർഡിനേറ്റർ: ഡോ. എഫ്. എം. ലാസറും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.



## സിംബാബ്‌വെയെ 'പൂട്ടി' ഇന്ത്യ, 72 റൺസ് ജയം

ഇന്ത്യ ഉയർത്തിയ 257 റൺസെന്ന കൂറ്റൻ വിജയലക്ഷ്യം പിന്തുടർന്ന സിംബാബ്‌വെയുടെ ഇന്നിങ്സ് 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 184 റൺസിൽ അവസാനിച്ചു.

സെഞ്ചറിയോളം പോന്ന അർധസെഞ്ചറിയുമായി പോരാടിയ ഓപ്പണർ ബ്രയാൻ ബെന്നറ്റിന്റെ (59 പന്തിൽ 97*) ഇന്നിങ്സാണ് സിംബാബ്‌വെയെ മാന്യമായ സ്കോറിലെത്തിച്ചത്. ക്യാപ്റ്റൻ സിക്കന്ദർ റാസ 31 റൺസെടുത്തു. ഇന്ത്യയ്ക്കായി അർഷ്ദീപ് സിങ് മൂന്നു വിക്കറ്റ് വീഴ്ത്തിയപ്പോൾ അക്ഷർ പട്ടേൽ, വരുൺ ചക്രവർത്തി, ശിവം ദുബെ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ജയത്തോടെ രണ്ടു പോയിന്റായെങ്കിലും ഗ്രൂപ്പ് ഒന്നിൽ ഇന്ത്യ മൂന്നാം സ്ഥാനത്തു തന്നെയാണ്. ഒരേ പോയിന്റാണെങ്കിലും റൺറേറ്റിൽ മുന്നിലുള്ള വെസ്റ്റിൻഡീസാണ് രണ്ടാമത്.

അടുത്ത മത്സരത്തിൽ വിൻഡീസിനെ തോൽപ്പിച്ചാലെ ഇന്ത്യയ്ക്ക് സെമി ഫൈനൽ ഉറപ്പാക്കാനാകൂ. മാർച്ച് 1നാണ് ഇന്ത്യ വെസ്റ്റിൻഡ!ീസ് മത്സരം.

## ഇസ്രയേലിൽ UPI ഉപയോഗിക്കാം, 'പ്രത്യേക ബന്ധം'; സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി മോദി

ടെൽ അവീവ്: ഒമ്പത് വർഷത്തിന് ശേഷം ഇസ്രയേലിൽ രണ്ട് ദിവസത്തെ സന്ദർശനം നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് മടങ്ങി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം പ്രത്യേക തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായി. ഇന്നൊവേഷൻ, സാംസ്കാരിക വിനിമയം, നിർമ്മാണം, നിർമ്മിതബുദ്ധി തുടങ്ങിയ മേഖലകളിൽ 27 കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവെച്ചു.

ബെൻഗുറിയോൺ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നാണ് പ്രധാനമന്ത്രി മോദി യാത്ര തിരിച്ചത്. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും ഭാര്യ സാറാ നെതന്യാഹുവും അദ്ദേഹത്തിന് യാത്രയയപ്പ് നൽകി.



ഇസ്രയേലിൽ യുപിഐ ഉപയോഗിക്കുന്നതിനുള്ള ഒരു കരാറിലെത്തിയിട്ടുണ്ടെന്നും മടങ്ങുന്നതിന് മുമ്പായി പ്രധാനമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

'ഇസ്രായേലിൽ UPI (യുണൈറ്റഡ് പേയ്മെന്റ് ഇന്റർഫേസ്) ഉപയോഗിക്കുന്നതിനായി ഒരു കരാർ എത്തിച്ചതിൽ ഞാൻ സന്തോഷവാനാണ്. ഡിജിറ്റൽ ഹെൽത്ത് രംഗത്തെ ഞങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിലൂടെ ആളുകളുടെ ജീവിതം മെച്ചപ്പെടുത്താനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്' പ്രധാനമന്ത്രി പറഞ്ഞു.

## തകർക്കാൻ ട്രംപ്, തടുക്കാൻ ഇറാൻ: യുദ്ധഭീതിക്കിടെ ജനീവയിൽ നിർണ്ണായക ചർച്ചകൾ

ജനീവ: യുഎസും ഇറാനും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ ലക്ഷ്യമിട്ടുള്ള മൂന്നാം ഘട്ട ചർച്ചകൾ ജനീവയിൽ നടന്നു. ആണവ കരാറിൽ എത്തിയില്ലെങ്കിൽ ഇറാനെ ആക്രമിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിരിക്കുന്ന സാഹചര്യത്തിലാണ് അതീവ പ്രാധാന്യമുള്ള ഈ ചർച്ചകൾ. ഒമാൻ വിദേശകാര്യ മന്ത്രി ബദർ അൽബുസൈദിയാണ് ചർച്ചകൾക്ക് മധ്യസ്ഥത വഹിച്ചത്. ചർച്ചകളിൽ ഇരുപക്ഷവും പുതിയതും ക്രിയാത്മകവുമായ ആശയങ്ങളോട് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും സമാധാനത്തിനുള്ള വലിയൊരു അവസരമാണിതെന്നും ഒമാൻ വിദേശകാര്യ മന്ത്രിയെ ഉദ്ധരിച്ച് ബിബിസി റിപ്പോർട്ട് ചെയ്യുന്നു.

ആണവ കേന്ദ്രങ്ങൾ ഉപേക്ഷിക്കണം, യുറേനിയം സമ്പുഷ്ടീകരണം പാടില്ല തുടങ്ങിയ നിർദേശങ്ങൾ പാലിച്ചാൽ ഉപരോധം ഘട്ടം ഘട്ടം ആയി കുറയ്ക്കാമെന്നാണ് യുഎസ് നിലപാട്. നിബന്ധനകൾ പാലിച്ചാൽ സാമ്പത്തിക സഹായവും മുന്നോട്ട് വെച്ചിട്ടുണ്ട്. കടുത്ത ആവശ്യങ്ങൾ ഇറാൻ തള്ളുമെന്നാണ് റിപ്പോർട്ടുകൾ.

തങ്ങൾ ഒരു സാഹചര്യത്തിലും ആണവായുധം നിർമ്മിക്കില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഘ്ചി ആവർത്തിച്ചു. അതേസമയം, യുറേനിയം സമ്പുഷ്ടീകരണം നിർത്തണമെന്ന യുഎസ് ആവശ്യം ഇറാൻ നിരസിച്ചിട്ടുണ്ടെങ്കിലും ആണവ പദ്ധതിയിൽ ചില വിട്ടുവീഴ്ചകൾക്ക് തയ്യാറാണെന്ന സൂചന നൽകിയിട്ടുണ്ട്. എങ്കിലും, മിസൈൽ പദ്ധതികളിലോ മേഖലയിലെ തങ്ങളുടെ സഖ്യകക്ഷികൾക്ക് നൽകുന്ന പിന്തുണയിലോ വിട്ടുവീഴ്ചയില്ലെന്ന കർശന നിലപാടിലാണ് ഇറാൻ.

## ഇഫ്താർ വിരുന്നുകളുമായി റമദാനെ വരവേറ്റ് ദുബായ്

തിരുവനന്തപുരം: ഫെബ്രുവരി 19 മുതൽ മാർച്ച് 19 വരെയുള്ള റമദാൻ മാസത്തിൽ ദുബായ് നഗരത്തിലുടനീളം പ്രത്യേക ഇഫ്താർ വിരുന്നുകളും സാംസ്കാരിക പരിപാടികളും നടക്കും. സന്ദർശകർക്ക് പരമ്പരാഗതവും രാജ്യാന്തരവുമായ വിഭവങ്ങളോടൊപ്പം വ്യത്യസ്ത വേദികളിൽ ഇഫ്താർ അനുഭവങ്ങൾക്കായി ഒരുമിച്ച് കൂടാനും അവസരം ലഭിക്കും.

അറ്റ്ലാന്റീസ് ദി പാം, അർമാനി ഹോട്ടൽ, ബാബ് അൽ ഷാംസ് ഡെസേർട്ട് റിസോർട്ട്, മദിനത്ത് ജുമൈറിയ, ജിയാർഡിനോ പലാസോ വേർസാസ് തുടങ്ങിയ അന്താരാഷ്ട്ര ഹോട്ടലുകൾ റമദാൻ കാലത്തെ വരവേൽക്കാനായി ഒരുങ്ങിയിരിക്കുകയാണ്. അറ്റ്ലാന്റീസ് ദി പാമിലെ അസാതീർ ടെന്റിലെ ഇഫ്താർ ബുഫെയിൽ ക്ലാസിക് മിഡിൽ ഈസ്റ്റേൺ വിഭവങ്ങളായ ലാംപ് ഔസി, ചിക്കൻ മന്തി, മെസ് പ്ലേറ്ററുകൾ, ലെന്റിൽ സൂപ്പ്, അറബിക് ബ്രെഡുകൾ എന്നിവയും ഇന്ത്യൻ കറികളും ഏഷ്യൻ സ്റ്റെർ ഫ്രൈകളും മറ്റും ലഭ്യമാണ്.



## മൈഡെസിഗ്നേഷൻ 40 കോടി രൂപ സമാഹരിച്ചു

തിരുവനന്തപുരം: ഡിസൈൻഇന്നവേഷൻ അധിഷ്ഠിതമായ, ഡയറക്ട്ടു കൺസ്യൂമർ (ഡി2സി) ഫാഷൻ ബ്രാൻഡായ മൈഡെസിഗ്നേഷൻ, ആർപിഎസ്ജി ക്യാപിറ്റൽ വെഞ്ചേഴ്സ് നയിച്ച സീരീസ് എ റൗണ്ടിൽ 40 കോടി രൂപ സമാഹരിച്ചു.

നിലവിലെ നിക്ഷേപകരായ വെൽട്ടിസ് ക്യാപിറ്റൽ ശക്തമായ പങ്കാളിത്തം കാഴ്ചവെച്ചതോടൊപ്പം, തങ്ങളുടെ ഇക്വിറ്റി പങ്ക് ഇരട്ടിയായി വർധിപ്പിക്കുകയും ചെയ്തു.

പുതിയ മൂലധനം സ്വന്തമായി ഓഫ്‌ലൈൻ റീട്ടെയിൽ സ്റ്റോറുകൾ ആരംഭിച്ച് വ്യാപനം ശക്തിപ്പെടുത്തുന്നതിനും സീനിയർ ലീഡർഷിപ്പ് ടീം ശക്തിപ്പെടുത്തുന്നതിനും, പുതിയ ഉൽപ്പന്ന വിഭാഗങ്ങൾ അവതരിപ്പിക്കുന്നതിനുമായി വിനിയോഗിക്കുമെന്ന് കമ്പനി അറിയിച്ചു.



# പുരാവസ്തു പുരാരേഖ മ്യൂസിയങ്ങൾ ചരിത്ര സത്യങ്ങളുടെ പ്രകാശ ഗോപുരങ്ങൾ: മന്ത്രി കടന്നപ്പള്ളി

കേരളത്തിന്റെ സമ്പന്നമായ ചരിത്ര പൈതൃകത്തിന്റെ സംരക്ഷകരാണ് പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പുകളെന്നും ചരിത്ര സത്യങ്ങളുടെ നേർസാക്ഷ്യങ്ങളുടെ സൂക്ഷിപ്പു കേന്ദ്രങ്ങളെന്ന നിലയിൽ ഇവർ ചരിത്ര സത്യങ്ങളിലേക്ക് വെളിച്ചം ചൊരിയുന്ന പ്രകാശഗോപുരങ്ങളും അതിന്റെ കാവൽപ്പുരകളുമാണെന്നും പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അഭിപ്രായപ്പെട്ടു. കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.



കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംസ്ഥാന പുരാരേഖ വകുപ്പ് സ്ഥാപിച്ച ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ ഉദ്ഘാടന ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം എൽ എ ഭദ്രദീപം കൊളുത്തുന്നു

ചരിത്രം സൃഷ്ടിച്ച മഹാരഥന്മാരെപ്പോലും ചരിത്രത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഗൂഢശ്രമങ്ങൾ നടക്കുന്ന വർത്തമാനകാലത്ത് ഇതിന്റെ പ്രാധാന്യമേറെയാണ്. ഇത്തരത്തിൽ ശരിയായ ചരിത്രാവബോധം നൽകുന്നതോടൊപ്പം കാലത്തിന്റെ മാറ്റത്തെ അഭിസംബോധനചെയ്യും വിധം ഈ മൂന്നു വകുപ്പുകളുടെ പ്രവർത്തനങ്ങളെ പുനഃസംഘാടനം ചെയ്യാനും വിപുലപ്പെടുത്താനും ജനകീയവൽക്കരിക്കാനുമുള്ള ശ്രമങ്ങളാണ് കഴിഞ്ഞ 10 വർഷങ്ങളായി സർക്കാർ നടത്തിവരുന്നത്.

നമ്മുടെ നാടിനെ ലോക ഭൂപടത്തിൽ അടയാളപ്പെടുത്തുന്ന ചരിത്ര സാംസ്കാരിക ഘടകങ്ങളെ കണ്ടെത്തി, പഠന ഗവേഷണ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ സാധാരണ ജനങ്ങളിലെത്തിച്ച പ്രവർത്തന നിരതമായ 10 വർഷങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ താളിയോല ശേഖരമുള്ളത് നമ്മുടെ സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കൈവശമാണ്. ഒരു കോടിയിലധികം വരുന്ന ഈ പൈതൃക രേഖാ സമ്പത്തും അവയിലുൾക്കൊള്ളുന്ന അമൂല്യമായ അറിവുകളും സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം അവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ തയ്യാറാക്കിയ പദ്ധതിയാണ് 'ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ'. വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിൽ സൂക്ഷിക്കുന്ന ഈ രേഖകളെ പഠന ഗവേഷണങ്ങൾക്കായി സൗകര്യപ്രദമായ ഒരു കേന്ദ്രത്തിൽ ലഭ്യമാക്കുകയും അവിടെ രേഖകളുടെ സംരക്ഷണത്തിനും സൗകര്യമൊരുക്കുകയും ചെയ്യുക എന്നത് ലക്ഷ്യമായിരുന്നു.

പ്രസ്തുത പദ്ധതിക്ക് ഉചിതമായ സ്ഥലം കണ്ടെത്തുക എന്നതായിരുന്നു അടുത്ത വെല്ലുവിളി. വിദഗ്ധ സമിതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ ഏറ്റവും പഴയ സർവ്വകലാശാലയായ കേരള സർവ്വകലാശാലയുടെ ഏറ്റവും പഴക്കമുള്ള ഡിപ്പാർട്ടുമെന്റുകളിലൊന്നായ മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ സമീപത്ത് താളിയോല രേഖാ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും എന്ന് കണ്ടെത്തി. കേരള യൂണിവേഴ്സിറ്റിയും സംസ്ഥാന പുരാരേഖാ വകുപ്പും ചേർന്നുള്ള ഒരു സംയുക്ത പദ്ധതിയായി ഇത് ആവിഷ്ക്കരിക്കുകയും സ്ഥലം യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും അതിനുവേണ്ട ലഭിക്കുകയും ചെയ്തു.2021 ജനുവരി 7ന് മുഖ്യമന്ത്രി തറക്കല്ലിട്ട പദ്ധതിയുടെ ആദ്യഘട്ടമാണ് ഇവിടെ പൂർത്തീകരിക്കപ്പെട്ടത്. അഞ്ച് കോടി അൻപത്തിയാറ് ലക്ഷം രൂപ ചെലവിട്ട് പണികൾ പൂർത്തിയാക്കിയ ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി നാടിനു സമർപ്പിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.തുടർന്നുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള ഫണ്ടും ഇതിനകം അനുവദിച്ചിട്ടുണ്ട്. താളിയോല രേഖകൾ ഈ മന്ദിരത്തിലേക്ക് മാറ്റി പഠന ഗവേണ കേന്ദ്രം സജ്ജീകരിക്കുന്ന പ്രവൃത്തിയാണ് ഇനി പൂർത്തിയാക്കാനുള്ളത്. അത് എത്രയും വേഗം പൂർത്തിയാക്കി ഈ ഗവേഷണ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതാണ്.ചരിത്ര വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും ചിരകാലാഭിലാഷമായിരുന്ന ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ പദ്ധതിയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ പദ്ധതിക്കായി പണിതീർത്ത മന്ദിരം നാടിന് സമർപ്പിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള മ്യൂസിയം എക്സിക്യുട്ടീവ് ഡയറക്ടർ ആർ. ചന്ദ്രൻപിള്ള റിപ്പോർട്ട് അവതരിപ്പിച്ചു.കേരള സർവ്വകലാശാല വൈസ് ചാൻസിലർ മോഹനൻ കുന്നുമ്മൽ വിശിഷ്ടാതിഥിയായി. രജിസ്ട്രാർ-ഇൻ-ചാർജ് രശ്മി ആർ, സാംസ്കാരിക വകുപ്പ് ജോയിന്റ് സെക്രട്ടറി രജനി എം, സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, മ്യൂസിയം & മൃഗശാലാ വകുപ്പ് ഡയറക്ടർ പി.എസ്. മഞ്ജുളാദേവി, ഓറിയൻറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ് ലൈബ്രറി മേധാവി അസിസ്റ്റന്റ് പ്രൊഫ നൗഷാദ് എസ്., കേരള സർവകലാശാല ഗവേഷക യൂണിയൻ ചെയർപേഴ്സൺ അമർനാഥ് എസ്.വി എന്നിവർ സംബന്ധിച്ചു. സംസ്ഥാന പുരാരേഖാ വകുപ്പ് ഡയറക്ടർ പാർവ്വതി എസ് സ്വാഗതമാശംസിച്ചു. പുരാരേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിനും ഡിജിറ്റലൈസേഷനും ഗവേഷണ പ്രവർത്തനങ്ങൾക്കും പുതിയ ദിശാബോധം നൽകുക എന്നതാണ് ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്ററിന്റെ ലക്ഷ്യം.

## കെഎസ്ആർടിസിക്ക് 73.50 കോടി കൂടി അനുവദിച്ചു

തിരുവനന്തപുരം: കെഎസ്ആർടിസിയ്ക്ക് സർക്കാർ സഹായമായി 73.50 കോടി രൂപകൂടി അനുവദിച്ചതായി ധനകാര്യ മന്ത്രി കെ. എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിനുള്ള പ്രതിമാസ തുകയാണ് ലഭ്യമാക്കിയത്.

ഈ വർഷം ഇതിനകം 1,399 കോടി രൂപയാണ് കെഎസ്ആർടിസിയ്ക്ക് സർക്കാർ സഹായമായി ലഭിച്ചത്. പെൻഷൻ വിതരണത്തിന് 879 കോടി രൂപയും പ്രത്യേക സഹായമായി 520 കോടി രൂപയും ലഭിച്ചു.

ഈ വർഷം ബജറ്റിൽ കോർപ്പറേഷനായി നീക്കിവച്ചത് 900 കോടി രൂപയാണ്. ഇതിനുപുറമെ 499 കോടി രൂപയാണ് അധികമായി കെഎസ്ആർടിസിയ്ക്ക് ലഭ്യമാക്കിയതെന്നും ധനമന്ത്രി അറിയിച്ചു.

## എരുമേലിയിൽ അരക്കോടിയിലധികം രൂപയുടെ കള്ളപ്പണവുമായി ഒരാൾ പിടിയിൽ

കോട്ടയം: എരുമേലിയിൽ അരക്കോടിയിലധികം രൂപയുടെ കള്ളപ്പണവുമായി ഒരാളെ ഡാൻസാഫ് ടീമും പോലീസും ചേർന്നു പിടികൂടി. കെഎസ്ആർടിസി ബസിൽ എത്തിച്ച 500 രൂപയുടെ 121 കെട്ടും 200 രൂപയുടെ ഒരു കെട്ടുമാണ് പിടികൂടിയത്. സംഭവത്തിൽ പിടിയിലായയാൾ വ്യാപാരിയാണ്. ബംഗളൂരുവിൽ നിന്നെത്തിച്ച പണം പാലാ വഴി എരുമേലിയിൽ കൊണ്ടുവന്നതെന്നാണ് പിടിയിലായ ആൾ പോലീസിന് നൽകിയ വിവരം. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലായിരുന്നു പരിശോധന.

## കഴുത്തിൽ തട്ടിയത് കുട്ടിച്ചാത്തൻ, ഉടൻ അമേരിക്കയിലേക്ക് മാറ്റണം: ആരോഗ്യമന്ത്രിയെ പരിഹസിച്ച് രാജ്മോഹൻ ഉണ്ണിത്താൻ

കാസർഗോഡ്: ആരോഗ്യമന്ത്രി വീണാ ജോർജിൻറെ കഴുത്തിൽ തട്ടിയത് കുട്ടിച്ചാത്തനായിരിക്കുമെന്ന് പരിഹസിച്ച് രാജ്മോഹൻ ഉണ്ണിത്താൻ എംപി. കെഎസ്‌യു കുട്ടികൾ മന്ത്രിയെ തൊട്ടിട്ടില്ല. മന്ത്രിയെ ഉടൻ അമേരിക്കയിലേക്ക് മാറ്റണമെന്നും പരിയാരത്ത് ഓപ്പറേഷൻ ചെയ്താൽ കത്രിക കുടുങ്ങുമെന്നും രാജ്മോഹൻ ഉണ്ണിത്താൻ പരിഹസിച്ചു. തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടതാണ്, ആരോഗ്യം പ്രധാനപ്പെട്ടതാണ്. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്നുവെന്നും രാജ്മോഹൻ ഉണ്ണിത്താൻ കൂട്ടിച്ചേർത്തു.

## പത്തനംതിട്ട ജനറൽ ആശുപത്രിയിൽ രോഗിയുടെ തലയിൽ ചക്ക വീണു

പത്തനംതിട്ട: ജനറൽ ആശുപത്രിയിൽ രോഗിയുടെ തലയിൽ ചക്ക വീണു. ഓമല്ലൂർ സ്വദേശി എൻ. ഗംഗാധരൻ നായർക്കാണ് പരിക്കേറ്റത്. ഒപി വിഭാഗത്തിന് മുൻപിലുള്ള പ്ലാവിൽ നിന്നാണ് ചക്ക വീണത്. ചക്ക വീണതോടെ ഗംഗാധരൻ നായർ ബോധരഹിതനായി. തലയിലും രണ്ട് കാൽമുട്ടിലും കൈകളിലും കാൽവിരലുകളിലും പരിക്കേറ്റിട്ടുണ്ട്. ഗംഗാധരൻ നായർ ചികിത്സയിൽ തുടരുകയാണ്. രോഗിയെ ഉടൻ തന്നെ കാഷ്വാലിറ്റിയിൽ പ്രവേശിപ്പിച്ചു. സിടി സ്കാനിംഗിൽ കുഴപ്പമില്ലെന്ന് അധികൃതർ അറിയിച്ചു. ആശുപത്രി വളപ്പിലെ അപകടസാധ്യതയുള്ള ശിഖരങ്ങൾ മുറിച്ചുമാറ്റാൻ നടപടി തുടങ്ങിയെന്നും മരങ്ങൾ മുറിച്ചുനീക്കാൻ അനുമതി തേടി സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകിയതായും ആശുപത്രി സൂപ്രണ്ട് പറഞ്ഞു.

## ഉത്സവത്തിനിടെ ഇടഞ്ഞ് ആന; യുവാവിനെ തൂക്കിയെടുത്ത് എറിഞ്ഞു

തൃശൂർ: ക്ഷേത്ര ഉത്സവത്തിനിടയിൽ ആനയുടെ ആക്രമണത്തിൽ യുവാവിനു പരിക്ക്. തൃശൂർ അന്നമനട മഹാദേവ ക്ഷേത്രത്തിലാണ് സംഭവം. എരയാകുടി തുറന്നല്ലൂർ മനയിൽ വിവേകിനാണ് പരിക്കേറ്റത്. അത്തിക്കാവ് കാർത്തികേയൻ എന്ന ആനയാണ് ഇടഞ്ഞത്. എഴുന്നള്ളിപ്പിനായി തിടമ്പ് ആനപ്പുറത്ത് ഏറ്റുന്നതിനിടയിലാണ് സംഭവം. തിടമ്പുമായി ആനയുടെ അരികിൽ നിന്ന വിവേകിനെ തുമ്പിക്കൈയിൽ ചുറ്റിയെടുത്ത് ആന വലിച്ചെറിയുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ വിവേകിനെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ഫ്രാൻസിസ് ജോർജ് എംപിക്ക് ദേഹാസ്വാസ്ഥ്യം, ആശുപത്രിയിൽ പ്രവേശിപ്പിച്ചു

ന്യൂഡൽഹി: കോട്ടയം എംപി ഫ്രാൻസിസ് ജോർജിനെ ശാരീരിക അസാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ പാർലമെൻറിൽ എത്തിയ അദ്ദേഹത്തിന് ചെറിയ തലകറക്കം നേരിട്ടതിനെ തുടർന്നാണ് ഡൽഹിയിലെ ആർഎംഎൽ ആശുപതിയിൽ പ്രവേശിപ്പിച്ചത്. അടിയന്തിര ചികിത്സ ലഭ്യമാക്കിയ ശേഷം ഫ്രാൻസിസ് ജോർജ് ഇപ്പോൾ നിരീക്ഷണത്തിലാണ്. അദ്ദേഹം പൂർണ ആരോഗ്യവനാണെന്നും ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും ഡോക്ടർമാർ ദീപകയോട് പറഞ്ഞു. പ്രതിപക്ഷ നേതാവിൻറെ കോട്ടയം ജില്ലയിലെ പുതുയുഗ യാത്രക്ക് ശേഷം ഇന്ന് പുലർച്ചെയാണ് അദ്ദേഹം ഡൽഹിയിലെത്തിയത്. തുടർന്ന് രാവിലെ പാർലമെൻറിൽ യോഗത്തിൽ പങ്കെടുക്കാൻ എത്തിയപ്പോഴായിരുന്നു ശാരീരിക അസ്വാസ്ഥ്യം നേരിട്ടത്.

## വിദ്യാർഥിയെ വളഞ്ഞിട്ട് തല്ലി സഹപാഠികൾ, ജുവനൈൽ കോടതിയിൽ റിപ്പോർട്ട് നൽകി പോലീസ്

കൊച്ചി: ചെറായിയിൽ 17 വയസുകാരനായ വിദ്യാർഥിയെ സഹപാഠികളായ നാലംഗ സംഘം മർദിച്ചതായി പരാതി. ചെറായി ഗുരുകുലം ട്യൂഷൻ സെൻററിലാണ് സംഭവം. ബുധനാഴ്ചയാണ് എടവനക്കാട് സ്വദേശിയായ വിഘ്നേഷിനെ ചെറായി യക്ഷിത്തറ ഭാഗത്തു വച്ച് സഹപാഠികൾ മർദിച്ചത്. വിഘ്നേഷിൻറെ മാതാവ് നൽകിയ പരാതിയിൽ പോലീസ് കേസെടുത്തു.മുനമ്പം പോലീസ് റിപ്പോർട്ട് തയാറാക്കി എറണാകുളം ജുവനൈൽ കോടതിയിൽ സമർപ്പിച്ചു. മർദിച്ച നാലുപേരും പ്രായപൂർത്തി ആകാത്തവരായതിനാലാണ് ജുവനൈൽ കോടതിക്ക് റിപ്പോർട്ട് നൽകിയത്. മർദിച്ച സംഘത്തിലെ ഒരാളുമായി കുറച്ച് ദിവസം മുമ്പ് പറവൂർ വച്ച് വിഘ്നേഷ് വഴക്കുണ്ടായിരുന്നു. ഇതേതുടർന്നുള്ള വൈരാഗ്യമാണ് സംഘർഷത്തിൽ കലാശിച്ചതെന്ന് പോലീസ് വ്യക്തമാക്കി.

## ഹൈദരാബാദിലെ വസ്ത്ര വ്യാപാര സ്ഥാപനത്തിൽ വൻ തീപിടിത്തം

ഹൈദരാബാദ്: ജൂബിലി ഹിൽസ് റോഡിൽ പ്രവർത്തിക്കുന്ന വസ്ത്ര വ്യാപാര സ്ഥപനത്തിൽ വൻ തീപിടുത്തം. നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കെട്ടിടമായിരുന്നു. അപകടം നടക്കുമ്പോൾ നാല് തൊഴിലാളികൾ കെട്ടിടത്തിനുള്ളിൽ ഉണ്ടായിരുന്നു. സംഭവ സ്ഥലത്ത് മൂന്ന് അഗ്നിശമന സേനയെത്തി തീ അണച്ചു. നാല് തൊഴിലാളികൾക്കും പരിക്കുകളില്ലെന്ന് പോലീസ് പറഞ്ഞു.

## കെഎസ്ആർടിസി ബസിനടിയിൽപ്പെട്ടു; സ്കൂട്ടർ യാത്രികയ്ക്ക് ദാരുണാന്ത്യം

നെടുമങ്ങാട്: കെഎസ്ആർടിസി ബസിടിച്ച് സ്കൂട്ടർ യാത്രക്കാരി മരിച്ചു. നെടുമങ്ങാട് -അരുവിക്കരകളത്തറ ഷിബിന മൻസിലിൽ ഷിബിന നിഷാദ് (27) ആണ് മരിച്ചത്.

ഇന്ന് രാവിലെ കാച്ചാണിയിലാണ് അപകടം. ബസിനടിയിൽപ്പെട്ടു ഗുരുതര പരിക്കേറ്റ ഷിബിനയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല

## നൈറ്റ് വാച്ച്മാൻ ഡെപ്യൂട്ടേഷൻ

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നൈറ്റ് വാച്ച്മാൻ തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷിക്കാം. സംസ്ഥാന സർക്കാർ സർവ്വീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവരായിരിക്കണം.

താൽപ്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രഫോർമയും ബയോഡേറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന മാർച്ച് 4 വൈകിട്ട് 5ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: ০০০.രലലസലൃമഹമ.ീൃഴ.

## അക്കൗണ്ട്സ് ഓഫീസർ

ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) എന്ന സ്ഥാപനത്തിന്റെ വിവിധ യൂണിറ്റുകളിൽ ഒഴിവുള്ള മൂന്ന് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിനായി ഇ.അ. കിലേ്യ യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

പ്രതിമാസ വേതനം 40,000 രൂപ. അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം തപാൽ മാർഗ്ഗമോ നേരിട്ടോ അഉഅഗ ഹെഡ് ഓഫീസിൽ മാർച്ച് 2നകം ലഭ്യമാക്കണം. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം: ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്), ടി.സി 29/3126, റീജ, മിൻചിൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം 695014. ഫോൺ: 0471 2322410.

## ചാഞ്ചാട്ടത്തിനിടെ നേരിയ ഇടിവുമായി സ്വർണ വില; 1,18,000 രൂപയ്ക്കു മുകളിൽതന്നെ

കൊച്ചി: സംസ്ഥാനത്ത് ചാഞ്ചാട്ടം തുടരുന്ന സ്വർണവിലയിൽ നേരിയ ഇടിവ്. ഗ്രാമിന് 20 രൂപയും പവന് 160 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 14,820 രൂപയിലും പവന് 1,18,560 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 15 രൂപ കുറഞ്ഞ് 12,175 രൂപയിലെത്തി.

ബുധനാഴ്ച സ്വർണവില ഗ്രാമിന് 10 രൂപയും പവന് 80 രൂപയും വർധിച്ചിരുന്നു. കുതിപ്പിൻറെ പാതയിലായിരുന്ന സ്വർണവില തിങ്കളാഴ്ച രണ്ടുതവണയായി മാറിമറിഞ്ഞിരുന്നു. രാവിലെ ഗ്രാമിന് 190 രൂപയും പവന് 1,520 രൂപയും വർധിച്ച സ്വർണവില ഉച്ചകഴിഞ്ഞ് തിരിച്ചിറങ്ങി. ഗ്രാമിന് 100 രൂപയും പവന് 800 രൂപയുമാണ് കുറഞ്ഞത്. ഇതിനു പിന്നാലെ ചൊവ്വാഴ്ച ഗ്രാമിന് 140 രൂപയും പവന് 1,120 രൂപയും കുതിച്ച് വീണ്ടും 1,18,000 കടക്കുകയായിരുന്നു.

ജനുവരി 29ന് രേഖപ്പെടുത്തിയ 1.31 ലക്ഷം രൂപയാണ് ചരിത്രത്തിലെ ഏറ്റവും വലിയ ഉയരം. അന്ന് ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് താഴേക്കുപോയ സ്വർണവില പവന് 1,07,920 രൂപയിൽ എത്തിയെങ്കിലും പിന്നീട് തിരിച്ചു കയറുകയാണുണ്ടായത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്.

2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

2025 ജനുവരി 22-നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില.

നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

## മലപ്പുറത്ത് രണ്ടാനമ്മയുടെ ആക്രമണത്തിൽ കുട്ടികൾക്ക് പരിക്ക്

മലപ്പുറം: ഇരുവേറ്റിയിൽ ബിഹാർ സ്വദേശികളായ മൂന്ന് കുട്ടികൾക്ക് രണ്ടാനമ്മയുടെ ക്രൂര ആക്രമണത്തിൽ പരിക്ക്. അഞ്ച്, ആറ്, 11 വയസുള്ള പെൺകുട്ടികളുടെ കാലിൽ രണ്ടാനമ്മ ഷീലാ ദേവി ചട്ടുകം വച്ച് പൊള്ളലേൽപ്പിക്കുകയായിരുന്നു.

നാട്ടുകാരുടെ പരാതിയിൽ ഷീലാ ദേവിയെയും ഭർത്താവ് രാജേഷ് ശർമയെയും പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കുട്ടികളുടെ സംരക്ഷണം സിഡബ്ല്യുസി ഏറ്റെടുത്തു.

പതിവായി കുട്ടികളുടെ കരച്ചിൽ കേട്ട നാട്ടുകാരാണ് വിഷയം പോലീസിൽ അറിയിച്ചത്.

പരിശോധനയിൽ ഇവരുടെ കാലിൽ ഗുരുതര പരിക്കും കണ്ടെത്തി. കുട്ടികളെ ആക്രമിക്കുന്നതിൽ രാജേഷ് ശർമയ്ക്കും പങ്കുണ്ടെന്നാണ് പോലീസ് കണ്ടെത്തൽ. വർഷങ്ങളായി സ്ഥലത്ത് താമസിച്ച് ജോലി ചെയ്തുവരുന്നയാളാണ് രാജേഷ് ശർമ.

## അസ്സൽ പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യണം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് പ്രസ് മാനേജർ (കാറ്റഗറി നമ്പർ: 45/2025), അസിസ്റ്റന്റ് മെഷീൻ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ: 46/2025), കമ്പോസിറ്റർ കം പ്രൂഫ് റീഡർ (കാറ്റഗറി നമ്പർ: 47/2025), ബൈന്റർ (കാറ്റഗറി നമ്പർ: 48/2025), ഗോൾഡ് സ്മിത്ത് (കാറ്റഗറി നമ്പർ: 50/2025), ട്യൂട്ടർ(മ്യൂസിക്) (കാറ്റഗറി നമ്പർ: 51/2025), പാർട്ട് ടൈം പഞ്ചവാദ്യം കം വാച്ചർ (കാറ്റഗറി നമ്പർ: 52/2025), നാദസ്വരം കം വാച്ചർ (കാറ്റഗറി നമ്പർ: 76/2025), തകിൽ കം വാച്ചർ(എൻ.സി.എ ഈഴവ) (കാറ്റഗറി നമ്പർ: 81/2025), തകിൽ കം വാച്ചർ(എൻ.സി.എ - ഇ.ഡബ്ല്യൂ.എസ്) (കാറ്റഗറി നമ്പർ: 82/2025), തകിൽ കം വാച്ചർ(എൻ.സി.എ - എസ്.സി) (കാറ്റഗറി നമ്പർ: 83/2025), നാദസ്വരം കം വാച്ചർ (എൻ.സി.എ - ഈഴവ) (കാറ്റഗറി നമ്പർ: 84/2025),നാദസ്വരം കം വാച്ചർ (എൻ.സി.എ എസ്.സി) (കാറ്റഗറി നമ്പർ: 86/2025), നാദസ്വരം കം വാച്ചർ (എൻ.സി.എ - ഒ.ബി.സി) (കാറ്റഗറി നമ്പർ: 88/2025) എന്നീ തസ്തികകളിലേയ്ക്കും, കൊച്ചിൻ ദേവസ്വം ബോർഡിലെ സോപാനം പാട്ട് (കാറ്റഗറി നമ്പർ: 72/2025), താളം (കാറ്റഗറി നമ്പർ: 73/2025), കീഴ്ശാന്തി (കാറ്റഗറി നമ്പർ: 75/2025) എന്നീ തസ്തികകളിലേയ്ക്കും 01.09.2025, 31.12.2025 തീയതികളിലെ വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ പേര്, വയസ്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, ജാതി സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന അസൽ പ്രമാണങ്ങൾ മാർച്ച് 11നകം പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യണം. ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രമാണങ്ങൾ നേരിട്ട് സ്വീകരിക്കില്ല. പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടില്ല. കൂടുതൽ വിവരങ്ങൾക്ക്:www.kdrb.kerala.gov.in.

# പശ്ചിമതീര ജലപാത വികസനം നവകേരള നിർമ്മിതിയിൽ വലിയ മാറ്റം സൃഷ്ടിക്കും: മുഖ്യമന്ത്രി പിണറായി വിജയൻ

### ആക്കുളം – ചേറ്റുവ ജലപാത ഒന്നാം ഘട്ട പൂർത്തീകരണം, ചിലക്കൂർ വിനോദസഞ്ചാര പദ്ധതി, ഇൻലാൻഡ് നാവിഗേഷൻ വിഭാഗം പൂർത്തീകരിച്ച വിവിധ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു.

കേരളത്തിന്റെ വികസന ചരിത്രത്തിൽ അതിപ്രധാനമായ ഒരു ചുവടുവെപ്പാണ് പശ്ചിമതീര ജലപാതയുടെ വികസനത്തിലൂടെ നടപ്പിലാകുന്നതെന്നും ഇത് നവകേരള നിർമ്മിതിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ആക്കുളം–ചേറ്റുവ ജലപാത ഒന്നാം ഘട്ട പൂർത്തീകരണം, ചിലക്കൂർ വിനോദസഞ്ചാര പദ്ധതി, ഇൻലാൻഡ് നാവിഗേഷൻ വിഭാഗം പൂർത്തീകരിച്ച വിവിധ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനം വർക്കല ചിലക്കൂർ ബീച്ച് പാർക്കിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഏവരും ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയും പങ്കാളികളാകുന്ന ഈ ചടങ്ങ് നാടിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലാണെന്നും പശ്ചിമതീര വികസനത്തിന്റെ ഭാഗമായി പൂർത്തിയാക്കിയ സുപ്രധാന പദ്ധതികളാണ് നാടിന് സമർപ്പിക്കുന്നതെന്നും ഇവയെല്ലാം ഒന്നിനൊന്ന് പ്രധാനപ്പെട്ടതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം മുതൽ തൃശൂർ വരെ 280 കിലോമീറ്റർ നീളമുള്ള ആക്കുളം–ചേറ്റുവ ജലപാതയുടെ ഒന്നാം ഘട്ട നവീകരണമാണ് ഇപ്പോൾ പൂർത്തിയായിരിക്കുന്നത്. ഇതിന്റെ ഭാഗമായി തൃശൂർ കാട്ടൂർ സെക്ഷൻ മധുരംപള്ളിയിൽ അഞ്ച് കിലോമീറ്റർ ദൂരം സംസ്ഥാന ജലപാത നിലവാരത്തിൽ ആഴവും വീതിയും കൂട്ടി നവീകരിച്ചിട്ടുണ്ട്. അതോടൊപ്പം 1876ൽ നിർമ്മിക്കപ്പെട്ട 320 മീറ്റർ നീളമുള്ള ചിലക്കൂർ ടണലിന്റെ നവീകരണവും സൗന്ദര്യവൽക്കരണവും പൂർത്തിയാക്കി. 150 വർഷം മുൻപുള്ള ഈ എൻജിനീയറിങ് അത്ഭുതത്തെ അതിന്റെ പഴമയും പൈതൃകവും ഒട്ടും ചോരാതെയാണ് വീണ്ടെടുക്കാൻ സാധിച്ചത്.

മറ്റു കൂട്ടിച്ചേർക്കലുകൾ അധികമൊന്നുമില്ലാതെ രൂപകൽപ്പന ചെയ്ത ഈ ടണലിൽ അത്യാധുനികമായ ലൈറ്റ് ആൻഡ് സൗണ്ട് ഷോ ഒരുക്കിയിട്ടുണ്ട്. 20 പേർക്ക് സഞ്ചരിക്കാവുന്ന പ്രത്യേകം രൂപകൽപ്പന ചെയ്ത ഇലക്ട്രിക് ബോട്ട് ഉൾപ്പെടെയാണ് സൗന്ദര്യവൽക്കരണം നടത്തിയിട്ടുള്ളത്. കേരളത്തിന്റെ ചരിത്രം, സംസ്കാരം, നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ ജീവിതം എന്നിവയെല്ലാം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന സജ്ജീകരണവുമുണ്ട്. വിനോദസഞ്ചാര മേഖലയിൽ ഒരു ഹെറിറ്റേജ് സെന്ററായി ചിലക്കൂർ ടണലിനെ ഉയർത്താൻ ഇതിലൂടെ കഴിയും. ചിലക്കൂർ ടണലിന്റെ സൗന്ദര്യവൽക്കരണം, ടണലിൽ ഒരുക്കിയിട്ടുള്ള ഷോ, ഇലക്ട്രിക് ബോട്ട് നിർമ്മാണം ഇവയെല്ലാം സിയാൽ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മിച്ച കോഴിക്കോട് മൂഴിക്കൽ ലോക്ക്–കം ബ്രിഡ്ജ്, തിരുവനന്തപുരം സെന്റ് ആൻഡ്രൂസ് പാലം, 14 കിലോമീറ്റർ നീളത്തിൽ നവീകരിച്ച വടകര – മാഹി കനാൽ എന്നിവയും ഇതോടൊപ്പം പൂർത്തിയായിട്ടുണ്ട്. വടകര – മാഹി കനാൽ പൂർത്തിയാക്കൽ




ആക്കുളം-ചേറ്റുവ ജലപാത ഒന്നാം ഘട്ട പൂർത്തീകരണം, ചിലക്കൂർ വിനോദസഞ്ചാര പദ്ധതി, ഇൻലാൻഡ് നാവിഗേഷൻ വിഭാഗം പൂർത്തീകരിച്ച വിവിധ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

പ്രയാസമുള്ള കാര്യമായിരുന്നു. എത്രയോ വർഷങ്ങളായി അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതെല്ലാം നാഷണൽ വാട്ടർവേ നിലവാരത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയ്ക്കൊപ്പം തന്നെ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് പശ്ചിമതീര ജലപാത വികസനം. കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ ദൂരത്തിലാണ് ഈ ജലപാത ഉണ്ടാവുക. ഇതിലൂടെ തുടർച്ചയായ ജലയാത്ര ഒരുക്കലാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തിലെ 10 ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ ശൃംഖല നവകേരള നിർമ്മിതിയിൽ വലിയ മാറ്റം സൃഷ്ടിക്കുന്നതോടൊപ്പം കേരളത്തിലെത്തുന്ന ടൂറിസ്റ്റുകൾക്ക് വലിയ ഹരമാകും. യാത്രയ്ക്കിടയിൽ അവർക്ക് ഇറങ്ങാൻ സാധിക്കുന്ന സ്ഥലങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന എല്ലാ സജ്ജീകരണങ്ങളും ഒരുക്കാൻ നമുക്ക് കഴിയും. കാഴ്ചകൾ മാത്രമല്ല, നമ്മുടെ നാടൻ വിഭവങ്ങൾ കൂടി ആസ്വദിച്ചുള്ള, ജലപാതയിലൂടെയുള്ള യാത്ര വലിയ തോതിലുള്ള മാറ്റം ടൂറിസം രംഗത്തുണ്ടാക്കും.

നിലവിൽ റോഡിലൂടെയാണ് നമ്മുടെ എല്ലാ ചരക്കുനീക്കവും നടക്കുന്നത്. ജലപാതയുടെ വികസനത്തോടെ ഈ കാര്യങ്ങളിൽ വലിയ മാറ്റം വരും. തൃക്കുന്നപ്പുഴ ലോക്കിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ ചരക്കുനീക്കത്തിൽ വലിയ മാറ്റമുണ്ടാകും. ചരക്കുനീക്കത്തിന്റെ ഒരു കണക്ക് പറഞ്ഞാൽ, കൊച്ചിയിൽ നിന്ന് ചവറ കെ.എം.എം.എല്ലിലേക്ക് പ്രതിദിനം 40 ടാങ്കറുകളാണ് അസംസ്കൃത വസ്തുക്കളുമായി പോകുന്നത്. ഇത് രണ്ട് ബാർജുകൾ ഉണ്ടായാൽ ജലപാതയിലൂടെ എത്തിക്കാൻ കഴിയും. ഇത് ദേശീയപാതയിലെ തിരക്ക് വല്ലാതെ കുറയ്ക്കാനും അപകടങ്ങൾ ഇല്ലാതാക്കാനും സഹായിക്കും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ഈ ജലപാതയെ ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതോടെ ഒരു മൾട്ടിമോഡൽ ലോജിസ്റ്റിക്സ് ശൃംഖല സംസ്ഥാനത്ത് നിലവിൽ വരും. ഇത് കയറ്റുമതി-ഇറക്കുമതി ചിലവ് കുറയ്ക്കുകയും നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യും. വ്യാവസായിക യൂണിറ്റുകൾ, ലോജിസ്റ്റിക്സ് ഹബുകൾ, ഫുഡ് പ്രോസസിങ് കേന്ദ്രങ്ങൾ എന്നിവ ജലപാതയുടെ തീരങ്ങളിൽ വളർന്നുവരും. ഇത്തരത്തിൽ പല നിലയിൽ വികസന സാധ്യതയുള്ള പദ്ധതിയാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഈ ജലപാത വികസനത്തിന് ഇതുവരെ 450 കോടി രൂപയുടെ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 325 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. ഇതിൽ പുനരധിവാസ പ്രവർത്തനങ്ങൾക്കായാണ് 150 കോടി രൂപ ചെലവഴിച്ചത്. വർക്കലയിലും കഠിനംകുളത്തുമായി 580 ഓളം കുടുംബങ്ങൾക്ക് സുരക്ഷിതമായ താമസസൗകര്യമാണ് ഉറപ്പാക്കിയത്. തിരുവനന്തപുരത്തും പുനരധിവാസത്തിനായി ജനങ്ങൾക്ക് സ്വീകാര്യമായ ഒരു പാക്കേജ് നൽകാനാണ് ആലോചിക്കുന്നത്. നിലവിൽ അവിടെ പുനരധിവാസം ആവശ്യമുള്ള 494 കുടുംബങ്ങളിൽ 450 കുടുംബങ്ങളും സർക്കാരിന്റെ പാക്കേജ് സ്വീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ളവരും വേഗം തന്നെ അത് സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ജനങ്ങളെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കുക എന്ന നയം കേരളത്തിനില്ല. എല്ലാവരെയും ചേർത്തുപിടിക്കുക എന്ന നയമാണ് നമ്മുടെ നാട് നടപ്പാക്കുന്നത്. പലതരത്തിലുള്ള തടസ്സങ്ങൾ വന്നേക്കാം, പക്ഷെ ആ തടസ്സങ്ങൾ കണ്ട് പദ്ധതിയിൽ നിന്ന് പിന്മാറുന്നതോ അത് ഉപേക്ഷിക്കുന്നതോ സർക്കാരിന്റെ രീതിയല്ല.

സംസ്ഥാന സർക്കാരും സിയാലും ചേർന്ന് രൂപീകരിച്ച 'ക്വിൽ' (ഗണകഘ) എന്ന പ്രത്യേക കമ്പനിയാണ് ഈ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നത്. രണ്ടാം ഘട്ടം എന്ന നിലയിൽ ചേറ്റുവ മുതൽ ബേക്കൽ വരെയുള്ള ഭാഗം സമയബന്ധിതമായി പൂർത്തിയാക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ പ്രതിസന്ധികളെയും മറികടന്ന് പദ്ധതി പൂർത്തീകരിച്ച ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തെ മുഖ്യമന്ത്രി അഭിനന്ദിച്ചു. നാടിന്റെ വികസനത്തിനായി എല്ലാവരും സഹകരിക്കുന്നുണ്ട്. നവകേരളം യാഥാർത്ഥ്യമാക്കാനുള്ള നീക്കമാണ് നാം നടത്തുന്നത്. ഇനിയും ആ സഹകരണവും പിന്തുണയും ഉണ്ടാകണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

അഡ്വ. വി. ജോയ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്വിൽ ഡയറക്ടർ എസ്. സുഹാസ് സ്വാഗതം പറഞ്ഞു. ചിലക്കൂർ വിനോദസഞ്ചാര പദ്ധതിയുടെയും സോളാർ ബോട്ടിന്റെയും നടത്തിപ്പ് ചുമതല സംബന്ധിച്ച ധാരണാപത്രം എസ്. സുഹാസും കേരള ഹൈഡൽ ടൂറിസം സെന്റർ ഡയറക്ടർ ഹർഷിൽ ആർ. മീണയും കൈമാറി. വർക്കല നഗരസഭ ചെയർപേഴ്സൺ ഗീത ഹേമചന്ദ്രൻ, ഇൻലാൻഡ് നാവിഗേഷൻ ചീഫ് എൻജിനീയർ ശ്രീകല സി. കെ., ഡയറക്ടർ അരുൺ കെ. ജേക്കബ്, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ തുടങ്ങിയവർ ഉദ്ഘടന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് കലാപരിപാടികളും അരങ്ങേറി.

## ഫ്ലാറ്റിൽ തീപിടിത്തം; വയോധികയും മകനും വെന്തുമരിച്ചു

ഗാന്ധിനഗർ: ഗുജറാത്തിലെ രാജ്കോട്ടിൽ ഫ്ലാറ്റിലുണ്ടായ തീപിടുത്തത്തിൽ വയോധികയും മകനും വെന്തുമരിച്ചു. ഫ്ലാറ്റിൻറെ നാലാം നിലയിൽ തമസിച്ചിരുന്ന പ്രഭ പൂജാര (92), മകൻ നരേന്ദ്ര പൂജാര (61) എന്നിവരാണ് മരിച്ചത്.

വൻ തീപിടുത്തത്തിൽ ഇരുവർക്കും പൊള്ളലേൽക്കുകയും ഇതേ തുടർന്ന് ശ്വാസം തടസം അനുഭവപ്പെടുകയും ചെയ്തതാണ് മരണകാരണമെന്ന് പോലീസ് പറഞ്ഞു. ഫയർഫോഴ്സും പോലീസും സ്ഥലത്തെത്തി അബോധാവസ്ഥയിലായ അമ്മയെയും മകനെയും ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഫ്ലാറ്റിൻറെ അടുക്കളയിലും ഹാളിലുമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പൂർണ്ണമായും കത്തി നശിച്ചതായി പ്രാഥമിക അന്വേഷണത്തിന് ശേഷം പോലീസ് പറഞ്ഞു. തീപിടിത്തത്തിൻറെ കാരണം കണ്ടെത്താൻ ഫോറൻസിക് ഉദ്യോഗസ്ഥർ പരിശോധന നടത്തും. സംഭവം നടക്കുമ്പോൾ പ്രഭയും നരേന്ദ്രയും വീട്ടിൽ തനിച്ചായിരുന്നു. നരേന്ദ്രയുടെ ഭാര്യ ശിൽപ പൂജാര മറ്റ് ബന്ധുക്കളോടൊപ്പം പുറത്തായിരുന്നു. തുടർന്ന് അയൽവാസികളാണ് ശിൽപയെ വിവരമറിയിച്ചത്. വാതിൽ അകത്തു നിന്ന് പൂട്ടിയിരുന്നതിനാൽ താക്കോൽ ഉപയോഗിച്ച് തുറക്കാൻ കഴിയാതെ വന്നതോടെ വാതിൽ തകർത്താണ് അകത്ത് കയറിയത്. തീപിടിത്തമുണ്ടായപ്പോൾ എസിയോ ലൈറ്റുകളോ പ്രവർത്തിച്ചിരുന്നില്ലെന്ന് ശിൽപ പോലീസിനോട് പറഞ്ഞു.

ഒരു മാസത്തിനുള്ളിൽ പുതിയ വീട്ടിലേക്ക് താമസം മാറാനിരിക്കുകയായിരുന്നു നരേന്ദ്രയും കുടുംബവും. അപകട മരണത്തിന് പോലീസ് കേസെടുത്തിട്ടുണ്ട്.

## പ്രണയത്തകർച്ച; യൂട്യൂബർ ജീവനൊടുക്കി

ഹൈദരാബാദ്: വിദ്യാർഥിനിയും യുട്യൂബറുമായ യുവതി ജീവനൊടുക്കി. വിശാഖപട്ടണം സ്വദേശി ബോനു കൊമലി(21)യാണ് വാടക വീട്ടിൽ തൂങ്ങിമരിച്ചത്.

ഹൈദരബാദിൽ തിങ്കളാഴ്ച്ചയാണ് സംഭവം. സമൂഹ മാധ്യമങ്ങളിൽ ഇവർക്ക് ഒട്ടേറെ ഫോളോവേഴ്സുണ്ടായിരുന്നു. ബോനു 11മാസമായി പഠനാവശ്യത്തിനായി ഹൈദരബാദിലാണ് താമസം.

സ്വകാര്യ കോളജിൽ ബിഎസ്സി വിദ്യാർഥിനിയായിരുന്നു ബോനു. ലൈഫ് സ്റ്റൈൽ വീഡിയോകളിലൂടെയും വ്യക്തിഗത വീഡിയോകളിലൂടെയുമാണ് ബോനു യുട്യൂബിൽ ഫോളോവേഴ്സിനെ നേടിയിരുന്നത്.

കുവൈത്തിൽ ജോലി ചെയ്യുന്ന അമ്മ ബി. സത്യവരലക്ഷ്മിക്ക് 'അമ്മയെ ഞാൻ ഒരുപാട് സ്നേഹിക്കുന്നു'എന്ന സന്ദേശമയച്ചതിനു പിന്നാലെയാണ് ജീവനൊടുക്കിയത്. ഇളയ സഹോദരനെ നന്നായി നോക്കണമെന്ന് കൂടി സന്ദേശത്തിലുണ്ടായിരുന്നു.

ഈ സന്ദേശത്തിനു പിന്നാലെ ബോനുവിൻറെ മൊബൈൽ സ്വിച്ച്ഡ് ഓഫായി. പലതവണ ആവർത്തിച്ചു വിളിച്ചിട്ടും കിട്ടാതായതോടെ അമ്മ ബോനുവിൻറെ സുഹൃത്തിനെ വിളിച്ച് കാര്യം പറഞ്ഞു.

ഉച്ചയ്ക്ക് മൂന്നിന് വീട്ടിലെത്തിയ സുഹൃത്ത് മറ്റുള്ളവരുടെ സഹായത്തോടെ വീട്ടിനകത്തു കയറിയപ്പോഴാണ് ബോനുവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. മൂന്നുവർഷമായി സോഫ്റ്റ്വെയർ എൻജിനീയറായ 27കാരനുമായി ബോനു പ്രണയത്തിലായിരുന്നുവെന്നാണ് വിവരം.

പ്രണയത്തകർച്ച മൂലമുണ്ടായ മാനസിക വിഷമത്തിലാണ് മരണം സംഭവിച്ചതെന്നും പോലീസ് അന്വേഷണത്തിൽ വ്യക്തമായി. ആറു മാസം മുൻപും ബോനു ജീവനൊടുക്കാൻ ശ്രമിച്ചിരുന്നു. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി ഒസ്മാനിയ ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

പോലീസ് കേസ് റജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സുഹൃത്തുക്കളിൽ നിന്നും അയൽക്കാരിൽ നിന്നുമുൾപ്പെടെ മൊഴിയെടുത്തു. ബോനുവിൻറെ മൊബൈൽ ഫോണും പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

## 'തലകൾ ഉരുളും'; എൻസിഇആർടി വിവാദത്തിൽ സുപ്രീംകോടതിയുടെ രൂക്ഷവിമർശനം; നിരുപാധികം മാപ്പ് പറഞ്ഞ് കേന്ദ്രം

ന്യൂഡൽഹി: നീതിന്യായ വ്യവസ്ഥയിൽ അഴിമതിയെന്ന് പരാമർശമുള്ള എൻസിഇആർടി പാഠപുസ്തക വിവാദത്തിൽ സുപ്രീംകോടതിയുടെ കടുത്ത പ്രതികരണം. ജുഡീഷ്യറിയെ അപകീർത്തിപ്പെടുത്താൻ ഗൂഢാലോചന നടന്നോ എന്ന് സംശയിക്കുന്നതായി ചീഫ് ജസ്റ്റിസ് നിരീക്ഷിച്ചു. 'ഉത്തരവാദികളായവരുടെ തലകൾ ഉരുളും' എന്ന് മുന്നറിയിപ്പ് നൽകിയ കോടതി, കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറിക്കടക്കം കാരണം കാണിക്കൽ നോട്ടീസ് അയച്ചു.

നീതിന്യായവ്യവസ്ഥയെ താഴ്ത്തിക്കെട്ടാൻ ബോധപൂർവമായ നീക്കം നടന്നതായി കോടതി സംശയിക്കുന്നു. കേസുകൾ കെട്ടിക്കിടക്കുന്നതിനെക്കുറിച്ച് പറയുന്ന പാഠഭാഗത്ത്, എത്ര കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നു എന്നതിനെക്കുറിച്ച് പരാമർശമില്ലെന്ന് ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. 'ജുഡീഷ്യറിക്ക് നേരെ വെടിയുതിർക്കുകയും ജുഡീഷ്യറിയുടെ രക്തം ഒഴുക്കുകയുമാണ്' ഈ പാഠഭാഗത്തിലൂടെ ചെയ്തതെന്ന് കോടതി നിരീക്ഷിച്ചു. സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി കോടതിയിൽ നേരിട്ട് ഹാജരായി നിരുപാധികം മാപ്പ് പറഞ്ഞു. വിവാദമായ പാഠഭാഗം തയ്യാറാക്കിയ രണ്ട് പേരെ ഇനി ഒരു ഔദ്യോഗിക ചുമതലകളും ഏൽപ്പിക്കില്ലെന്ന് കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു. വിവാദമായ പാഠഭാഗം സുപ്രീംകോടതി നിരോധിച്ചു. പുസ്തകത്തിൻറെ പ്രിൻറ് കോപ്പികൾ പിടിച്ചെടുക്കാൻ നിർദ്ദേശം നൽകിയ കോടതി, ഈ ഭാഗങ്ങൾ ഒരു തരത്തിലും പ്രചരിപ്പിക്കാൻ പാടില്ലെന്നും ഉത്തരവിട്ടു.

മാധ്യമങ്ങളാണ് പ്രശ്നം വലുതാക്കുന്നതെന്ന് സോളിസിറ്റർ ജനറൽ കോടതിയിൽ പറഞ്ഞു. എന്നാൽ, ജുഡീഷ്യറി മൗലികാവകാശങ്ങളുടെ സംരക്ഷകരാണെന്നും അഴിമതി നടത്തിയ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്നും കോടതി ഓർമ്മിപ്പിച്ചു. എട്ടാം ക്ലാസിലെ സോഷ്യൽ സയൻസ് പാഠപുസ്തകത്തിലെ 'നമ്മുടെ സമൂഹത്തിൽ നീതിന്യായ വ്യവസ്ഥയുടെ പങ്ക്' എന്ന അധ്യായത്തിലാണ് കോടതിയെ വിമർശിക്കുന്ന ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നത്. ഈ പാഠഭാഗം പിൻവലിക്കുമെന്ന് എൻസിഇആർടി നേരത്തെ അറിയിച്ചിരുന്നു.

## ഇന്ത്യയിൽ ആപ്പിൾ പേ വരുന്നു; ബാങ്കുകളുമായി ചർച്ചകൾ തുടങ്ങി

ന്യൂഡൽഹി: ടെക് ഭീമനായ ആപ്പിൾ തങ്ങളുടെ ഡിജിറ്റൽ പേയ്മെൻറ് സേവനമായ 'ആപ്പിൾ പേ' ഇന്ത്യയിൽ അവതരിപ്പിക്കാനൊരുങ്ങുന്നു. ഇതിൻറെ ഭാഗമായി എച്ച്ഡിഎഫ്സി ബാങ്ക് ഉൾപ്പെടെയുള്ള പ്രമുഖ ഇന്ത്യൻ ബാങ്കുകളുമായും നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായും ആപ്പിൾ ചർച്ചകൾ തുടങ്ങിയതായാണ് റിപ്പോർട്ട്. ഇന്ത്യയിലെ മറ്റ് പേയ്മെൻറ് ആപ്പുകളെപ്പോലെ യൂണിഫൈഡ് പേയ്മെൻറ് ഇൻറർഫേസ് അടിസ്ഥാനമാക്കിയായിരിക്കും ആപ്പിൾ പേയും പ്രവർത്തിക്കുക. ഐഫോൺ ഉപയോക്താക്കൾക്ക് ക്യുആർ കോഡുകൾ സ്കാൻ ചെയ്ത് നേരിട്ട് പണമിടപാടുകൾ നടത്താൻ ഇതിലൂടെ സാധിക്കും.

എച്ച്ഡിഎഫ്സി ബാങ്കുമായി സഹകരിച്ച് ക്രെഡിറ്റ് കാർഡ് പുറത്തിറക്കുന്ന കാര്യവും ആപ്പിളിൻറെ പരിഗണനയിലുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഔദ്യോഗിക സ്ഥിരീകരണങ്ങൾ ഇതുവരെ പുറത്തുവന്നിട്ടില്ല. ആപ്പിൾ ഉപകരണങ്ങളിൽ ലഭ്യമായ ഫേസ് ഐഡി, ടച്ച് ഐഡി എന്നിവ ഉപയോഗിച്ച് അതീവ സുരക്ഷിതമായി ഇടപാടുകൾ നടത്താമെന്നതാണ് ഇതിൻറെ പ്രത്യേകത.

ഇന്ത്യയിലെ വളർന്നു വരുന്ന ഡിജിറ്റൽ പേയ്മെൻറ് വിപണിയിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കുകയാണ് ആപ്പിളിൻറെ ലക്ഷ്യം.

ഗൂഗിൾ പേ, ഫോൺ പേ തുടങ്ങിയ പ്രമുഖർ അടക്കി വാഴുന്ന ഇന്ത്യൻ വിപണിയിൽ ആപ്പിൾ പേ എത്രത്തോളം സ്വാധീനം ചെലുത്തുമെന്ന് കണ്ടറിയണം. ഐഫോൺ ഉപയോക്താക്കൾക്ക് മാത്രമായിരിക്കും ഈ സേവനം ലഭ്യമാകുക. നിലവിൽ അമേരിക്കയും യൂറോപ്പും ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ ആപ്പിൾ പേ വൻ വിജയമാണ്. ഇന്ത്യയിലെ ഐഫോൺ ഉപയോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ് ഈ നീക്കത്തിന് കാരണം.

## പരീക്ഷാ ഫലം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പരീക്ഷാ കൺട്രോളർ നടത്തിയ 2025 നവംബർ ഡിപ്ലോമ പരീക്ഷകളുടെ പുനർ മൂല്യനിർണയത്തിന്റെ ഫലം www.sbte.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

## ടൈം ടേബിൾ

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & സെക്രട്ടേറിയൽ പ്രാക്ടീസ് നവംബർ 2025 (1 & 3 സെമസ്റ്റർ റെഗുലർ & സപ്ലിമെന്ററി, 4 സെമസ്റ്റർ സപ്ലിമെന്ററി) പരീക്ഷകളുടെ നോട്ടിഫിക്കേഷനും ടൈം ടേബിളും പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ www.tekerala.org, www.sbte.kerala.gov.in. വെബ്സൈറ്റുകളിൽ ലഭ്യമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കെ - ഇ സൈക്കിളിന്റെ ഔദ്യോഗിക ലോഞ്ച് കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർപേഴ്സൺ എൻ കോലിയക്കോട് കൃഷ്ണൻ നായർ നിർവഹിക്കുന്നു

# വാദം പൊളിയുന്നു; കരിനീല വസ്ത്രം ധരിച്ചത് ഗൺമാൻ, തെളിവില്ലെന്ന് ആർപിഎഫും

കണ്ണൂർ: റെയിൽവേ സ്റ്റേഷനിൽ ആരോഗ്യമന്ത്രി വീണ ജോർജിനെ കെഎസ്‌യു പ്രവർത്തകർ ആക്രമിച്ചുവെന്ന വാദം പൊളിയുന്നു. കരിനീല വസ്ത്രം ധരിച്ച് മന്ത്രിയുടെ സമീപം നിന്നത് ഗൺമാൻ എം. എസ്. അഭിലാഷ് ആണെന്ന് വീഡിയോ ദൃശ്യങ്ങളിൽ തെളിഞ്ഞു. ഇതോടെ, പ്രതിഷേധത്തിനിടെ കറുത്ത തുണി കൊണ്ട് മന്ത്രിയുടെ കഴുത്തിന് മുറുക്കിയെന്ന സിപിഎം ജില്ലാ സെക്രട്ടറി എം. വി. ജയരാജൻറെ വാദം പൊളിഞ്ഞു.

മന്ത്രിയെ കെഎസ്‌യു പ്രവർത്തകർ ആയുധം ഉപയോഗിച്ച് കഴുത്തിന് പരിക്കേൽപ്പിച്ചു എന്നായിരുന്നു എഫ്ഐആറിലെ ആരോപണം. ഇതിന് പിന്നാലെയാണ് പ്രതിഷേധക്കാർ കറുത്ത തുണികൊണ്ട് മന്ത്രിയുടെ കഴുത്തിൽ മുറുക്കിയെന്ന് എം. വി. ജയരാജൻ മാധ്യമങ്ങളോട് പറഞ്ഞത്.

എന്നാൽ, സംഭവത്തിൻറെ വീഡിയോ ദൃശ്യങ്ങൾ പരിശോധിക്കുമ്പോൾ, മന്ത്രിയുടെ തൊട്ടുപിന്നാലെ കരിനീല സഫാരി സ്യൂട്ട് ധരിച്ച ഒരാൾ ഓടുന്നത് കാണാം. ഇത് മന്ത്രിയെ സംരക്ഷിക്കാൻ ഓടിയെത്തുന്ന ഗൺമാൻ അഭിലാഷാണെന്ന് ദൃശ്യങ്ങളിൽ നിന്ന് വ്യക്തമാണ്. ഇടത് സൈബർ വിംഗുകൾ ഈ ദൃശ്യങ്ങൾ ഉപയോഗിച്ച് പ്രതിഷേധക്കാർ മന്ത്രിയെ മർദിച്ചുവെന്ന് പ്രചരിപ്പിച്ചിരുന്നു. എന്നാൽ ഗൺമാൻ മന്ത്രിയെ സുരക്ഷിതയാക്കാൻ ശ്രമിക്കുകയാണെന്നാണ് ദൃശ്യങ്ങളിൽ വ്യക്തമാകുന്നത്.

മാത്രമല്ല, പ്രതിഷേധക്കാർ മന്ത്രിക്ക് അരികിലേക്ക് ഓടിയെത്തിയെങ്കിലും ദൃശ്യങ്ങളിൽ എവിടെയും മന്ത്രിയെ നേരിട്ട് മർദിക്കുന്നതോ കഴുത്തിന് പിടിക്കുന്നതോ കാണാൻ സാധിക്കുന്നില്ല.

വീണാ ജോർജിനെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കെഎസ്‌യു പ്രവർത്തകർ ആക്രമിക്കുന്ന വീഡിയോ ദൃശ്യം വ്യക്തമായില്ലെന്ന് റെയിൽവേ സുരക്ഷാസേനയും വ്യക്തമാക്കിയിട്ടുണ്ട്. സംഭവത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് മന്ത്രിയെ ആക്രമിക്കുന്ന ദൃശ്യങ്ങൾ ഇല്ലെന്ന് കണ്ടെത്തിയത്.

മന്ത്രി വീണാ ജോർജിനു നേരെ നടന്നത് ഗുണ്ടായിസമാണെന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻറെ വിശദീകരണം. സംഭവത്തിനു പിന്നിൽ ആസൂത്രിത ഗൂഢാലോചനയുണ്ട്. വനിതാ മന്ത്രിയെ കൊല്ലാൻ ശ്രമിച്ച ചരിത്രം കേരളത്തിലില്ല. ഇതിനെതിരെ ജനകീയ പ്രതിരോധമൊരുക്കുമെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

എന്നാൽ, മന്ത്രിയുടെ കഴുത്തും കൈയും കെഎസ്‌യു പ്രവർത്തകർ പിടിച്ചുതിരിച്ചു എന്ന പച്ചക്കള്ളം പ്രചരിപ്പിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പാർട്ടി പ്രവർത്തകരെ അക്രമത്തിന് പ്രകോപിപ്പിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ തിരിച്ചടിച്ചു.

കെഎസ്‌യു പ്രവർത്തകർ മന്ത്രിയുടെ സമീപത്തുപോലും എത്തിയിട്ടില്ലെന്നും റെയിൽവേ പോലീസ് നടത്തിയ അന്വേഷണത്തിൽ അക്രമം നടന്നതിന് യാതൊരു തെളിവുമില്ലെന്ന് വ്യക്തമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിയുടെ കൈയിലുണ്ടെന്ന് പറയുന്ന പരിക്ക് രണ്ട് ദിവസം മുമ്പുള്ള വിവിധ പരിപാടികളുടെ ചിത്രങ്ങളിലും കാണാമെന്നും സതീശൻ ചൂണ്ടിക്കാട്ടി. സംഭവത്തിന് ദൃക്സാക്ഷിയല്ലാത്ത സ്പീക്കർ ഇത്തരമൊരു ഗൂഢാലോചനയിൽ പങ്കാളിയാകാൻ പാടില്ലായിരുന്നുവെന്നും അദ്ദേഹം വിമർശിച്ചു. ഇതിനിടെ, മന്ത്രിയെ ആക്രമിക്കുന്നതിൻറെ തെളിവ് നൽകിയാൽ ഒരു പവൻ സ്വർണം നൽകുമെന്ന് പ്രഖ്യാപിച്ച് യൂത്ത്കോൺഗ്രസും രംഗത്തെത്തി.

അതേസമയം, കേസിൽ വധശ്രമം ഉൾപ്പടെയുള്ള വകുപ്പുകൾ ചുമത്തിയാണ് അഞ്ച് യൂത്ത്കോൺഗ്രസ് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തത്. ഇവർ റിമാൻഡിലാണ്.

# വൈകാരിക പ്രതിഷേധം, ശ്രദ്ധതിരിച്ചുവിടാനുള്ള ഗൂഢാലോചന: ചിന്താ ജെറോം

കൊല്ലം: മന്ത്രി വീണാ ജോർജിനെ ആക്രമിച്ച സംഭവത്തിന് പിന്നാലെ നടന്ന ഡിവൈഎഫ്ഐ പ്രതിഷേധ പ്രകടനത്തിൽ താൻ സ്ത്രീവിരുദ്ധ മുദ്രവാക്യം വിളിച്ചിട്ടില്ലെന്ന് സിപിഎം നേതാവ് ചിന്ത ജെറോം.

ബുധനാഴ്ച രാത്രി കൊല്ലത്ത് നടന്ന പ്രതിഷേധ പ്രകടനത്തിൽ സ്ത്രീ വിരുദ്ധ മുദ്രാവാക്യം വിളിച്ചെന്നായിരുന്നു ആരോപണം. ഇതിൻറെ വീഡിയോ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വൈറലായിരുന്നു.

കോൺഗ്രസ് നേതാക്കൾ ഉൾപ്പടെ സോഷ്യൽ മീഡിയയിൽ ചിന്തക്കെതിരെ രംഗത്തുവരികയും ചെയ്ത പശ്ചാത്തലത്തിലാണ് ചിന്തയുടെ പ്രതികരണം.

പ്രകടനത്തിൽ മുദ്രാവാക്യം ഏറ്റ് വിളിക്കുക മാത്രമാണ് ചെയ്തത്. വളരെ ചെറുപ്പത്തിലേ ഇത്തരം വ്യക്തിഹത്യകൾ നേരിട്ടുവരികയാണ്. ഇതൊക്കെ പ്രധാനവിഷയത്തിൽ നിന്ന് ശ്രദ്ധതിരിച്ചുവിടാനുള്ള ഗുഢാലോചനയാണ്.

ഇതു പ്രചരിപ്പിക്കുന്നവർ മുഴുവൻ വിഷലും കാണണം. അത് ഒരു മാസായി നടക്കുന്ന പ്രതിഷേധ പ്രകടനമാണ്. അതിൽ വൈകാരികമായി പങ്കെടുക്കുന്ന പ്രവർത്തകർ പ്രതിഷേധം പ്രകടിപ്പിച്ചതാണ്. നമ്മുടെ രാഷ്ട്രീയം എപ്പോഴും സ്ത്രീ, ദളിത്, അരികുവത്കരിക്കപ്പെട്ടവർക്കൊപ്പമുള്ളതാണ്.

അസഭ്യവർഷവുമായി ചിന്ത ജെറോം എന്ന സ്ക്രോൾ കണ്ടതുകൊണ്ടാണ് വിശദീകരണവുമായി രംഗത്തുവന്നത്. അല്ലെങ്കിൽ തെരഞ്ഞെടുപ്പു കാലമല്ലേയെന്ന് കരുതിയങ്ങ് വിടുമായിരുന്നു. ഞാൻ അങ്ങനെയൊക്കെ പറഞ്ഞോയെന്ന് എന്നെ സ്നേഹിക്കുന്നവർ തെറ്റിദ്ധരിച്ചാലോ എന്ന് കരുതിയാണ് വിശദീകരിക്കുന്നത്. - ചിന്ത ജെറോം പറഞ്ഞു.

# കേരള സ്റ്റോറി-2 റിലീസ്: വാദം വേഗം പൂർത്തിയാക്കണമെന്ന് നിർമാതാക്കൾ; തള്ളി ഹൈക്കോടതി

കൊച്ചി: കേരള സ്റ്റോറി-2 സിനിമയുമായി ബന്ധപ്പെട്ട ഹരജികളിൽ വാദം പൂർത്തിയാക്കി വേഗം തീരുമാനമെടുക്കണമെന്ന നിർമാതാക്കളുടെ ആവശ്യം തള്ളി ഹൈക്കോടതി. വെള്ളിയാഴ്ചയാണ് കേരള സ്റ്റോറി-2 റിലീസിന് ഒരുങ്ങുന്നത്. അതിനാലാണ് ഇന്ന് രാവിലെ വാദം കേൾക്കാനായി നിർമാതാക്കൾ കോടതിയോട് ആവശ്യപ്പെട്ടത്.

സിനിമ റിലീസ് ചെയ്യുന്നതിനെതിരെ ഉത്തരവുകൾ ഉണ്ടാവുകയാണെങ്കിൽ അപ്പീൽ നൽകാൻ വേണ്ടിയാണ് നിർമാതാക്കളുടെ ആവശ്യം. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ കോടതി തയാറായില്ല. ഉച്ചയ്ക്ക് രണ്ടു മണിക്ക് വാദം കേട്ട് തീരുമാനമെടുക്കുമെന്ന് ജസ്റ്റീസ് ബിച്ചു കുര്യൻ അറിയിച്ചു. ഹൈക്കോടതി സിനിമ കാണുന്നതിൽ നിർമാതാക്കൾ ബുധനാഴ്ച എതിർപ്പ് അറിയിച്ചിരുന്നു. അതിനാൽ സിനിമ കാണുന്നില്ലെന്ന് കോടതി വ്യക്തമാക്കിയിരുന്നു. കോടതിയുടെ നിർദേശ പ്രകാരം നിർമാതാക്കൾ ടീസറിൻറെ പരിഭാഷ സമർപ്പിച്ചിട്ടുണ്ട്.

കണ്ണൂർ സ്വദേശി ശ്രീദേവ് നമ്പൂതിരി, അതുൽ റോയി എന്നിവരാണ് ഹരജി നൽകിയത്. കേരളത്തെ വർഗീയതയുടെയും മതപരിവർത്തത്തിൻറെയും നാടായി ചിത്രീകരിക്കാനാണ് സിനിമ ശ്രമിക്കുന്നത് എന്നാണ് ഹരജികളിലെ പ്രധാന ആരോപണം.

# തദ്ദേശ തെരഞ്ഞെടുപ്പ് ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിൽ കേരളം ദേശീയ ശ്രദ്ധ നേടി: സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനം ദേശീയശ്രദ്ധ നേടിയെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ പറഞ്ഞു. ആന്ധ്രപ്രദേശ് ഉൾപ്പെടെ പല സംസ്ഥാനങ്ങളും അവിടത്തെ തെരഞ്ഞെടുപ്പിൽ ഇത് പകർത്താൻ മുന്നോട്ടുവരുന്നുണ്ട്.

തദ്ദേശ തെരഞ്ഞെടുപ്പിലെ ഹരിതചട്ടപാലനം മികച്ച രീതിയിൽ നടപ്പിലാക്കിയ ജില്ലാ ശുചിത്വ മിഷനുകൾക്കുള്ള അവാർഡുകൾ തിരുവനന്തപുരത്ത് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമ്പൂർണ്ണ ഹരിത തെരഞ്ഞെടുപ്പെന്ന ആശയത്തിലൂന്നി സംസ്ഥാനത്തുടനീളം തെരഞ്ഞെടുപ്പ് കമ്മീഷനും, ശുചിത്വ മിഷനും സംയുക്തമായി സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി പേപ്പർ പാഴാക്കുന്നത് പരമാവധി കുറച്ചും ബോർഡുകൾക്ക് പിവിസി ഫ്ലക്സ് ഒഴിവാക്കിയും ഡിജിറ്റൽ പ്രചരണമാർഗ്ഗങ്ങളെ കൂടുതലായി ആശ്രയിച്ചും പാർട്ടികളും, സ്ഥാനാർത്ഥികളും സഹകരിച്ചു. ബൂത്തുകളിൽ സജീവമായുണ്ടായിരുന്ന ഹരിത കർമ്മസേനാംഗങ്ങളുടെ നിർദ്ദേശങ്ങൾ പാലിച്ച് വോട്ട് ചെയ്ത ശേഷമുള്ള സ്ലിപ്പ് പോലും ബിന്നുകളിൽ നിക്ഷേപിച്ച് വോട്ടർമാരും സഹകരിച്ചു.

തദ്ദേശ തെരഞ്ഞെടുപ്പ് കഴിഞ്ഞ് മണിക്കൂറുകൾക്കകം തന്നെ സംസ്ഥാനത്തുടനീളമുള്ള പോളിംഗ് ബൂത്തുകളും, സ്റ്റേഷനുകളും ശുചീകരിക്കപ്പെട്ടു. രാഷ്ട്രീയപാർട്ടികൾ തെരഞ്ഞെടുപ്പ് ശേഷം ഉപേക്ഷിച്ചു പോകുന്ന പ്രചരണവസ്തുക്കളുടെ തോതും മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞു. വരുന്ന പൊതുതെരഞ്ഞെടുപ്പിലും ഈ ട്രെന്റ് സംസ്ഥാനം തുടരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മികച്ച പ്രവർത്തനത്തിനുള്ള ഒരു ലക്ഷം രൂപയുടെ ഒന്നാം സ്ഥാനം കോഴിക്കോട് ജില്ലാ ശുചിത്വ മിഷൻ നേടി. തിരുവനന്തപുരം. കണ്ണൂർ ജില്ലാ ശുചിത്വ മിഷനുകൾക്ക് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു. തൃശ്ശൂർ, വയനാട്, കൊല്ലം, എറണാകുളം, മലപ്പുറം ജില്ലകൾക്കും മാതൃകാപ്രവർത്തനത്തിന് അവാർഡ് ലഭിച്ചു. അവാർഡുകൾ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വിതരണം ചെയ്തു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ് അധ്യക്ഷത വഹിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ എച്ച്. ദിനേശൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജി.കെ. സുരേഷ് കുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൺവയോൺമെന്റ് എൻജിനിയർ ബിൻസി പി.എസ്, തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പ്രകാശ് വി.എസ് ശുചിത്വമിഷൻ സീനിയർ കൺസൽട്ടന്റ് പി. എസ്. രാജശേഖരൻ എന്നിവർ സംസാരിച്ചു.

# പോലീസുകാരനെ കാറിടിച്ച് അപായപ്പെടുത്താൻ ശ്രമം: പ്രതികൾ കൊല്ലത്ത് പിടിയിൽ

കൊച്ചി: വാഹന പരിശോധനക്കിടെ പോലീസുകാരനെ കാറിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ച രണ്ടു പ്രതികൾ നിന്നും പിടിയിൽ. അല്പസമയത്തിനുള്ളിൽ പ്രതികളെ കൊല്ലത്തു നിന്നും കൊച്ചിയിൽ എത്തിക്കും.

എറണാകുളം നോർത്ത് സ്റ്റേഷനിലെ എഎസ്ഐ പി. എസ് സന്തോഷിനാണ് പരിക്കേറ്റത്. ബോണറ്റിലേക്ക് വീണ സന്തോഷുമായി കാർ 20 മീറ്റർ മുന്നോട്ടേക്ക് ഓടി. സഡൻ ബ്രേക്ക് ഇട്ടതോടെ എഎസ്ഐ തെറിച്ചുവീണു.

ഇന്നു പുലർച്ചെ രണ്ടരയോടെയാണ് സംഭവം. കലൂർ ശാസ്ത റോഡിൽ വാഹന പരിശോധനയ്ക്കിടെയാണ് ബലേനോ കാർ പോലീസുകാരെ ഇടിച്ചു വീഴ്ത്തി രക്ഷപ്പെട്ടത്. എഎസ്ഐ സന്തോഷിൻറെ കാലുകൾക്കും തലയ്ക്കും പരിക്കേറ്റു. തുടയ്ക്ക് ക്ഷതമേറ്റിട്ടുണ്ട്.

സന്തോഷ് എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. കാർ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. സന്തോഷിനൊപ്പം എഎസ്ഐ പ്രമോദ്, സീനിയർ സിവിൽ പോലീസ് ഓഫീസർ പ്രദീപ്, സിപിഒ മണികണ്ഠൻ എന്നിവരും ഉണ്ടായിരുന്നു.

വാഹന പരിശോധനയ്ക്കായി കാർ തടഞ്ഞപ്പോഴാണ് കാർ മുന്നോട്ട് എടുത്ത് പോലീസുകാരെ ഇടിച്ചു തെറിപ്പിച്ചത്. മറ്റു ഉദ്യോഗസ്ഥർ കാറിന് മുന്നിൽ നിന്നും ഒഴിഞ്ഞു മാറിയിരുന്നു. എസിഎസ് റോഡിലേക്കാണ് യുവാക്കൾ കടന്നത്.

## വീടു വിട്ടിറങ്ങിയിട്ട് നാലു ദിവസം, കണ്ടെത്താനാവാതെ പോലീസ്; ആരോൺ ജോഷി എവിടെ

കൊച്ചി: തൃപ്പൂണിത്തുറ എരൂരിൽ നിന്നും കാണാതായ പ്ലസ് ടു വിദ്യാർഥി ആരോൺ ജോഷിയെ (18) കണ്ടെത്താനാകാതെ പോലീസ്. തിങ്കളാഴ്ച മുതലാണ് ആരോണിനെ കാണാതാവുന്നത്. എന്നാൽ ഇതുവരെ കുട്ടിയുടെ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ഇതിനെ തുടർന്ന് ആരോണിന്റെ പിതാവ് ജോഷി കൊച്ചി സിറ്റി പോലീസ് കമ്മിഷണർക്ക് പരാതി നൽകി.

തൃപ്പൂണിത്തുറ ഗവൺമെന്റ് ബോയ്സ് സ്കൂളിലെ വിദ്യാർഥിയാണ് ആരോൺ. മോഡൽ പരീക്ഷ നടക്കുന്നതിനിടെയാണ് ആരോണിനെ കാണാതാവുന്നത്. തിങ്കളാഴ്ച സ്പെഷ്യൽ ക്ലാസ് ഉണ്ടെന്ന് പറഞ്ഞാണ് കുട്ടി വീട്ടിൽ നിന്നും ഇറങ്ങിയത്. എന്നാൽ അവസാനത്തെ രണ്ടു പരീക്ഷകൾക്കും ആരോൺ എത്തിയില്ല.

ഹിൽ പാലസ് പോലീസിൽ ആയിരുന്നു ജോഷി നേരത്തെ പരാതി നൽകിയത്. എന്നാൽ കാര്യമായ അന്വേഷണമൊന്നും നടക്കാത്തതിനെ തുടർന്നാണ് ജോഷി സിറ്റി പോലീസ് കമ്മിഷണർക്ക് പരാതി നൽകിയത്. കുട്ടി തിരുവനന്തപുരത്ത് ഉണ്ടെന്ന സൂചന ലഭിച്ചതായാണ് സിറ്റി പോലീസ് അറിയിക്കുന്നത്.

## വേദനയ്ക്ക് ആശ്വാസം: ആരോഗ്യമന്ത്രിയുടെ പുതിയ മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവന്നു

കണ്ണൂർ: കണ്ണൂർ റെയിൽവേ സ്റ്റേഷനിൽവച്ച് കെഎസ്‌യു പ്രവർത്തകരുടെ പ്രതിഷേധത്തിനിടയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ആരോഗ്യമന്ത്രി വീണാ ജോർജിന് കടുത്ത വേദനയ്ക്ക് ആശ്വാസമെന്ന് പുതിയ മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവന്നു.

മന്ത്രിക്ക് അടിയന്തര ശസ്ത്രക്രിയ വേണ്ടതില്ലെന്നുമാണ് ഡോക്ടർമാർ അറിയിക്കുന്നത്. രക്തസമ്മർദ്ദം മരുന്നുകളാൽ നിയന്ത്രണവിധേയമാണ്. കഴുത്തിലെ കശേരുക്കളിൽ ഉണ്ടായ സമ്മർദ്ദമാണ് വേദനയ്ക്ക് കാരണം. യാത്ര അനുവദിക്കാൻ ആകാത്തത് കൊണ്ട് പരിയാരം മെഡിക്കൽ കോളജിൽ ചികിത്സയിൽ തുടരുമെന്നും മെഡിക്കൽ ബുള്ളറ്റിൻ വ്യക്തമാക്കുന്നു.

ബുധനാഴ്ചയാണ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വീണാ ജോർജിനെതിരെ കെഎസ്‌യു പ്രവർത്തകരുടെ പ്രതിഷേധം ഉണ്ടായത്.

# രാജ്യത്തെ ആദ്യ പൊതുവുടമസ്ഥതാ സൗരോർജ ശേഖരണ പദ്ധതി കേരളത്തിൽ; പെരിഞ്ഞനം ദേശീയ മാതൃകയിലേക്ക്

ഊർജസുരക്ഷ ശക്തിപ്പെടുത്തുകയും വൈദ്യുതി സംവിധാനങ്ങളെ വികേന്ദ്രീകരിക്കുകയും ചെയ്യാൻ പൊതുസമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള ബാറ്ററി ശേഖരണ സംവിധാനം അനിവാര്യമാണെന്ന് പുതിയ പഠനം. ഈ ആശയം പ്രായോഗികമാക്കുന്ന രാജ്യത്തെ ആദ്യ പൊതുവുടമസ്ഥതാ പദ്ധതി തൃശൂർ ജില്ലയിലെ പെരിഞ്ഞനത്ത് ഉടൻ പ്രവർത്തനം തുടങ്ങും.

കേരളത്തിലെ പുനരുപയോഗ ഊർജ പരിവർത്തനം പുനർനിർവചിക്കുന്ന പഠന റിപ്പോർട്ട് പ്രകാശന ച്ചടങ്ങിലാണ് പദ്ധതി പ്രഖ്യാപിച്ചത്. പെരിഞ്ഞനം പഞ്ചായത്തിലെ പൈലറ്റ് കമ്മ്യൂണിറ്റി ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതി ദേശീയ മാതൃകയാകുമെന്ന് വിദഗ്ധർ സെമിനാറിൽ വ്യക്തമാക്കി.

കാലാവസ്ഥാ മാറ്റവും പരിസ്ഥിതിയും സംബന്ധിച്ച ഗവേഷണ സ്ഥാപനമായ അസർ സോഷ്യൽ ഇംപാക്ട് അഡ്വൈവസേഴ്സ് തയ്യാറാക്കിയ 'ചാർജിംഗ് ചേഞ്ച്: സ്ട്രെങ്തനിംഗ് കേരളാസ് എനർജി സെക്യൂരിറ്റി ത്രൂ കമ്മ്യൂണിറ്റി ഓണർഷിപ്പ്' എന്ന റിപ്പോർട്ടിന്റെ പ്രകാശന വേളയിലാണ് പ്രഖ്യാപനം. 2040 ഓടെ 100 ശതമാനം പുനരുപയോഗ വൈദ്യുതിയിലേക്കും 2050 ഓടെ കാർബൺ ന്യൂട്രാലിറ്റിയിലേക്കും കേരളം നീങ്ങേണ്ടതുണ്ടെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. മേൽക്കൂര സോളാറിൽ വേഗത്തിലുള്ള വളർച്ച ഉണ്ടായിട്ടും ഇറക്കുമതി വൈദ്യുതിയിലേക്കുള്ള ആശ്രയം കുറയ്ക്കേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നു.

2026 മെയ് മാസത്തോടെ പെരിഞ്ഞനത്ത് 2 കോടി രൂപ ചെലവിൽ കമ്മ്യൂണിറ്റി ഉടമസ്ഥതയിലുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (സി-ബെസ്) കമ്മീഷൻ ചെയ്യുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) കെ.ആർ. ജ്യോതിലാൽ അറിയിച്ചു. പ്രാദേശിക കമ്മ്യൂണിറ്റി മാനേജ്മെന്റിന് കീഴിൽ വികേന്ദ്രീകൃത സംഭരണ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്ന രാജ്യത്തെ ആദ്യ ശ്രമമാണിതെന്നും അദ്ദേഹം പറഞ്ഞു.

കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ പിന്തുണയും പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിന്റെ വിവിധ കാലഘട്ടങ്ങളിലെ നേതൃത്വങ്ങളുടെ മുൻകൈയും ചേർന്നാണ് പദ്ധതി വിജയത്തിലേക്ക് നീങ്ങുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇലക്ട്രിക് മൊബിലിറ്റി നയവുമായി സംഭരണ മാതൃകയെ ബന്ധിപ്പിക്കുന്ന നടപടികൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. വികേന്ദ്രീകൃത ഗ്രിഡുകളിലൂടെ പ്രവർത്തിക്കുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സംഭരണ ബാറ്ററികൾ ഉപയോഗിക്കാനും അധിക വൈദ്യുതി ഗ്രിഡിലേക്ക് തിരിച്ചുനൽകാനും പുതിയ സോളാർ നയം വഴി സാധ്യമാകും. "പെരിഞ്ഞനം മോഡൽ ദേശീയ മാതൃകയാകണം," അദ്ദേഹം കൂട്ടിച്ചേർത്തു.

2018ലെ വെള്ളപ്പൊക്കത്തിൽ ദീർഘകാല വൈദ്യുതി തടസ്സങ്ങൾ അനുഭവപ്പെട്ടതോടെയാണ് വികേന്ദ്രീകൃത ഊർജ സംവിധാനങ്ങളിലേക്കുള്ള ചിന്ത ശക്തമായതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. പരമ്പരാഗത ബാക്കപ്പ് സംവിധാനങ്ങളുടെ ദുർബലത ദുരന്തം തുറന്നുകാട്ടിയതായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ പറഞ്ഞു. ബേസ്മെന്റുകളിൽ സൂക്ഷിച്ചിരുന്ന ഡീസൽ ജനറേറ്ററുകൾ പ്രവർത്തനരഹിതമായതോടെ ബഹുനില കെട്ടിടങ്ങളിലെ താമസക്കാർ ദിവസങ്ങളോളം വൈദ്യുതിയില്ലാതെ കഴിയേണ്ടിവന്നതായി അദ്ദേഹം ഓർമ്മിപ്പിച്ചു.

കേരളത്തിന്റെ ഊർജഭാവിക്ക് സംഭരണ സംവിധാനം നിർണായകമാണെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. 2025 ഡിസംബറോടെ സംസ്ഥാനത്തിന്റെ പുനരുപയോഗ ഊർജ ഉല്പാദന ശേഷി 2,382.34 മെഗാവാട്ടിലെത്തി. ഇൻസ്റ്റാൾ ചെയ്ത സോളാറിന്റെ 83 ശതമാനവും മേൽക്കൂര സോളാറാണ്. എന്നാൽ പീക്ക് സമയ വൈദ്യുതി ആവശ്യകത 2024 മെയ് മാസത്തിൽ 5,797 മെഗാവാട്ടിലെത്തി. നിലവിലെ പ്രവണത തുടർന്നാൽ 2030-കളുടെ തുടക്കത്തിൽ ഡിമാൻഡ് 10,000 മെഗാവാട്ടിനടുത്തെത്തും.പകൽ സൗരോർജ ഉൽപാദനം ഉയരുമ്പോൾ വൈകുന്നേരങ്ങളിൽ വൈദ്യുതി ആവശ്യകത കുത്തനെ ഉയരുന്നതാണ് പ്രധാന വെല്ലുവിളി. ഇതോടെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിലകൂടിയ വൈദ്യുതി വാങ്ങേണ്ട സാഹചര്യം വർധിക്കുന്നു. 2039-40 ഓടെ ഗ്രിഡ് സ്ഥിരതയ്ക്കായി 3.8 മുതൽ 4.1 ജിഗാവാട്ട് വരെ സംഭരണ ശേഷി ആവശ്യമായി വരുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.സി-ബെസ് മാതൃക വ്യക്തിഗത ബാറ്ററികളിൽ നിന്നോ വലിയ യൂട്ടിലിറ്റി സ്റ്റോറേജ് സംവിധാനങ്ങളിൽ നിന്നോ വ്യത്യസ്തമാണ്. വിതരണ ട്രാൻസ്ഫോർമർ അല്ലെങ്കിൽ ഫീഡർ തലത്തിൽ സ്ഥാപിക്കുന്ന ബാറ്ററി പകൽ മിച്ചമുള്ള സോളാർ വൈദ്യുതി സംഭരിച്ച് വൈകുന്നേര പീക്ക് സമയത്ത് ഉപയോഗിക്കും.

പഞ്ചായത്തുകൾ, സഹകരണ സ്ഥാപനങ്ങൾ, ഉത്പാദക കൂട്ടായ്മകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള പങ്കിട്ട പൊതു ആസ്തിയായി സംഭരണ സംവിധാനത്തെ രൂപപ്പെടുത്തുന്നതാണ് ഈ മോഡൽ. ഇതിലൂടെ പീക്ക് സമയ വൈദ്യുതി വാങ്ങൽ കുറയ്ക്കാനും സിസ്റ്റം നഷ്ടങ്ങൾ ചുരുക്കാനും മേൽക്കൂര സോളാർ ഇല്ലാത്ത വീടുകൾക്കും പ്രയോജനം ലഭിക്കുമെന്നും പഠനം പറയുന്നു.

വലിയ കേന്ദ്രീകൃത പദ്ധതികൾക്ക് ബദലായി കമ്മ്യൂണിറ്റി മാനേജ്ഡ് മാതൃക ഊർജസുരക്ഷയ്ക്ക് പുതിയ വഴി തുറക്കുമെന്ന് അസറിലെ സ്ട്രാറ്റജിക് അലയൻസ് മേധാവി പ്രിയ പിള്ള പറഞ്ഞു.കേരളത്തിലെ ജനസാന്ദ്രതയും ഭൂമിയുടെ പരിമിതിയും കണക്കിലെടുത്താൽ വികേന്ദ്രീകൃത സൗരോർജ വികസനമാണ് കൂടുതൽ പ്രായോഗികമെന്ന് വേൾഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജിയുടെ സ്ഥാപക ഡയറക്ടർ ജനറൽ ജി.എം. പിള്ള അഭിപ്രായപ്പെട്ടു. വാണിജ്യ കെട്ടിടങ്ങളിലും പുതിയ ഭവന പദ്ധതികളിലും സൗരോർജ ഉപയോഗം നിർബന്ധമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.